# ഗവൺമെൻറ് എൽ.പി.എസ്
# തൈക്കൽ

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025 - 26

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്തു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യം മുൻനിർത്തിയിരിക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കും. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്ടുകളോടും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ഗവൺമെൻറ് എൽ പി എസ് തൈക്കൽ. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടിരിക്കുന്ന പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്ത് പകരാൻ ഏറെ സഹായകമമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

ശ്രീമതി. ജ്യോതിമോൾ . ജി
HM, GLPS Thyckal

# profile

| | |
|---|---|
| Name of School | G.L.P.S.Thyckal |
| Date of establishment | 1921 June 1 |
| Name of village | Kadakkarapally |
| Name of cluster | Kadakkarapally |
| Name of panchayat | Kadakkarapally |
| Name of block | Kanjikkuzhi |
| Name of BRC | Thuravoor |
| Name of district | Alappuzha |
| Name of sub-district | Thuravoor |
| Name of H.M | Jyothimol G |
| Mob. Number | 9496156137 |
| Email ID | glpsthaickal@gmail.com |
| School code | 34315 |
| Name of Taluk | Cherthala |

# അവസ്ഥാ വിശകലനം

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ തീരപ്രദേശമായ തൈക്കലിൽ തീരപ്രദേശത്തെ അടിസ്ഥാന വിദ്യാഭ്യാസത്തെ ലക്ഷ്യമാക്കി തലശ്ശേരി പണിക്കർ 1917 ൽ സ്ഥാപിച്ച ഓലമേഞ്ഞ ഷെഡാണ് സന്മാർഗ ചന്ദ്രോദയം സ്കൂൾ. അന്ന് ഫിഫ്ത് ഫോറം വരെയായിരുന്നു ക്ലാസ്സ് പിന്നീട് നാലാം ക്ലാസ് വരെയായി. തീരപ്രദേശത്തോടു ചേർന്ന് കിടക്കുന്നതിനാൽ മത്സ്യത്തൊഴിലാളികളും അനുബന്ധ ജോലികളും ചെയ്യുന്ന രക്ഷിതാക്കളുടെ മക്കളാണ് ഇവിടെ വരുന്ന കുട്ടികളിൽ അധികവും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് ഭൂരിഭാഗം കുട്ടികളും. അതിനാൽ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം കണ്ടെത്തുക ദുഷ്കരമാണ് . ആകെ രണ്ട് കെട്ടിടങ്ങളാണ് ഉള്ളത്. ഓരോ കെട്ടിടത്തിലും അഞ്ച് വീതം മുറികളുണ്ട്. കമ്പ്യൂട്ടറിൽ ലാബ്, സ്മാർട്ട് ക്ലാസ്സും ലൈബ്രറി റൂം കളിസ്ഥലം എന്നിവ ഇല്ല. ഇവയെല്ലാം സ്കൂൾ പ്രവർത്തനങ്ങൾക്ക് വളരെ അത്യാവശ്യവുമാണ്. 2012 മുതൽ പ്രീപ്രൈമറി വിഭാഗവും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ കെട്ടിടങ്ങൾ നൂറു വർഷത്തിലധികം കാലപ്പഴക്കം ഉള്ളവയാണ്.

എസ് എം സി യുടെയും പഞ്ചായത്ത് മെമ്പർ ശ്രീമതി. ബിന്ദു ഷിബുവിന്റെയും നിരന്തര ഇടപെടലിലൂടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂൾ നിർമ്മാണത്തിന് 1.20 ലക്ഷം രൂപ ബഹുമാനപ്പെട്ട ചേർത്തല എം .എൽ .എ  ശ്രീ പി പ്രസാദ് അനുവദിക്കുകയുണ്ടായി. സ്കൂൾ കെട്ടിടങ്ങൾ മുഴുവനായും പൊളിച്ചു മാറ്റേണ്ട സാഹചര്യം ആയതിനാൽ പഞ്ചായത്ത് ഇടപെട്ട് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതുവരെ താൽക്കാലികമായി സ്കൂൾ പ്രവർത്തിക്കാൻ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് ഫിറ്റ്നസ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിലാണ് സ്കൂൾ 2024 ജൂലൈ 1 മുതൽ പ്രവർത്തിക്കുന്നത്.

ഇപ്പോൾ ഇവിടെ പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെ പറയും വിധമാണ്.

| ക്ലാസ്സ് | 2023-24<br>കുട്ടികളുടെ എണ്ണം | 2024-25<br>കുട്ടികളുടെ എണ്ണം | 2025-26<br>കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | 19 | 17 | 11 |
| 2 | 15 | 20 | 17 |
| 3 | 15 | 14 | 21 |
| 4 | 22 | 18 | 13 |
| ആകെ | 71 | 69 | 62 |

## അദ്ധ്യാപകർ

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരാദ്ധ്യാപകർ | 5 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു |
| --- | --- | --- | --- |
| എൽ.പി.വിഭാഗം | 4 | 4 | 3 |

- അധ്യാപക പരിശീലനത്തിൽ കൃത്യമായി പങ്കെടുക്കുകയും പരിശീലനത്തിൽ ലഭിച്ച അറിവുകൾ ക്ലാസ്സിൽ നടപ്പിലാക്കുകയും ചെയ്യുന്നു.
- സ്ക്കൂൾ തല പ്രവർത്തനങ്ങളിൽ അധ്യാപകർ സജീവമായി ഇടപെടുന്നു.
- പാഠ്യേതര പ്രവർത്തനങ്ങളിൽ അധ്യാപകർ പ്രത്യേകശ്രദ്ധ ചെലുത്തുന്നുണ്ട്.
- കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു.
- സബ് ജില്ലാ - മേളകളിൽ പങ്കെടുക്കുന്നതിനു വേണ്ടി കുട്ടികളെ തയ്യാറാക്കുന്നതിന് മുൻകൂട്ടി പരിശീലനം നൽകി വരുന്നു.
- പ്രീപ്രൈമറി മുതൽ കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.
- മാസം തോറും പി.റ്റി.എ കൂടുന്നു. ക്ലാസ്സ് പ്രവർത്തനങ്ങളെക്കുറിച്ച് രക്ഷിതാക്കളുമായി ചർച്ച നടത്തുന്നു.
- യൂണിറ്റ് ടെസ്റ്റ് നടത്തുന്നിനുവേണ്ട ചോദ്യങ്ങൾ എസ്.ആർ.ജി കൂടി തയ്യാറാക്കി വരുന്നു.
- രാഷ്ട്രഭാഷ പഠനം പ്രീപ്രൈമറി മുതൽ പഠിപ്പിച്ചു വരുന്നു.
- പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഗൃഹസന്ദർശനം നടത്തി രക്ഷിതാക്കളുമായി നല്ല ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- പിന്നോക്കക്കാരെ മുന്നോക്കത്തിലെത്തിക്കാൻ ബി.ആർ.സിയുടെ സഹായത്തോടെ വേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുന്നു.
- വർഷത്തിൽ രണ്ടുതവണ കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം നടത്തിവരുന്നു. ഇത് കുട്ടികളുടെ വാസനകളെ പരിപോഷിപ്പിക്കുന്നതിന് സഹായകമാകുന്നുണ്ട്.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കാം.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക . അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക. കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# മികവുകൾ

L.S.S.
സംസ്ഥാനതലത്തിൽ നാലാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി നടത്തുന്ന എൽ. എസ്. എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ തുടർച്ചയായി നാലു വർഷങ്ങളിൽ മികച്ച വിജയം കൈവരിച്ചുവരുന്നു.

| വർഷം | കുട്ടികളുടെഎണ്ണം |
|---|---|
| 2020-21 | 6 |
| 2021-22 | 2 |
| 2022-23 | 4 |
| 2023 -24 | 5 |
| 2024-25 | 2 |

കലോത്സവങ്ങളിലും ശാസ്ത്രമേളയിലും മികച്ച പ്രകടനം കാഴ്ചവെച്ചു.

ക്വിസ് മത്സരങ്ങളിൽ മികച്ച വിജയം.

## തനതു പ്രവർത്തനം - ജാലകം [ Digital Magazine]

കുട്ടികളുടേയും രക്ഷിതാക്കളുടേയും അധ്യാപകരുടേയും സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാനുതകുന്ന ഒരു ഡിജിറ്റൽ മാസിക GLPS തൈക്കലിൽ ഈ അധ്യയന വർഷം മുതൽ ആരംഭിക്കുകയാണ്. കുട്ടികളുടേയുംരക്ഷിതാക്കളുടേയും അധ്യാപകരുടേയും രചനകളും സ്കൂളിലെ അക്കാദമിക - അക്കാദമികേതര പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്. സ്കൂൾ പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയായ ഈ മാസിക" ജാലകം" 2025 ജൂൺ മാസത്തിൽ പുറത്തിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. സ്കൂളിലെ PSITC യായ ശ്രീമതി സന്ധ്യ up ടീച്ചറാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. മാസികയ്ക്കു പൂർണ പിന്തുണ രക്ഷിതാക്കളുടെ ഭാഗത്തു ലഭിച്ചിട്ടുണ്ട്.

## തനത് പ്രവർത്തനം - സർഗ്ഗവസന്തം

ഒരു അധ്യയന വർഷത്തിലൂടെ കുട്ടിയാർജ്ജിക്കുന്ന സർഗാത്മക കഴിവുകൾ ലിഖിത രൂപത്തിലൂടെ പ്രകടമാക്കുന്നു ഓരോ കുട്ടിക്കും സ്വന്തമായി ഓരോ മാഗസിൻ ഓരോ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളുടെ സർഗാത്മകശേഷി പ്രകടമാകുന്ന സന്ദർഭത്തിലും മാഗസിനിലേക്ക് കൂട്ടിച്ചേർലുകൾ നടത്തുന്നു. ഈ വളരുന്ന മാഗസിൻ കുട്ടിയുടെ സർഗാത്മക വളർച്ചയുടെ ഒരു മുഖപത്രം ആയിരിക്കും. മുന്നൊരുക്കമായി ഓരോ ക്ലാസ് അധ്യാപകരും മാഗസിനിലേക്ക് ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ S.R. G.യിൽ അവതരിപ്പിക്കുകയും അതിനെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്നു. തുടർന്ന് മാഗസിനിലേക്ക് കൂട്ടിച്ചേർക്കൽ നടത്തുന്നു. ഓരോ തവണയും മാഗസിൻ ക്ലാസ് PTA യിൽ പ്രദർശിപ്പിക്കുന്നു . പൂർത്തിയായ മാഗസിൻ മാർച്ച് മാസത്തെ പഠനോത്സവത്തിൽ പ്രകാശനം ചെയ്യുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

| പ്രവർത്തനം | കാലയളവ് | ചുമതല | ധനസ്രോതസ്സ് |
|---|---|---|---|
| മുന്നറിവ് പരിശോധന | ജൂൺ ആദ്യവാരം | ക്ലാസ്സ് അധ്യാപകർ | അധ്യാപകർ |
| എസ്.ആർ.ജി കൂടുന്നു. | ആദ്യദിനം | എച്ച്.എം & കൺവീനർ | |
| ദിനാചരണങ്ങൾ | ജൂൺ | അധ്യാപകർ കുട്ടികൾ | |
| ദിനാചരണ കലണ്ടർ (കുട്ടികൾ) | | | |
| പി.ടി.എ കൂടുന്നു. കുട്ടികളുടെ പഠന നിലവാരം ചർച്ച | ജൂൺ മാസം | ക്ലാസ്സ് അധ്യാപകർ | |
| യൂണിറ്റ് ടെസ്റ്റ് പഠനനേട്ടം തിരിച്ചറിയുന്നതിന് | യൂണിറ്റുകൾക്ക് ശേഷം | ക്ലാസ്സ് അധ്യാപകർ | |
| എസ്.ആർ.ജി കൂടുന്നു. കഠിന മേഖല സി.പി.റ്റി.എ, ദിനാചരണം പഠന പ്രവർത്തനങ്ങൾ പാഠ്യേതര പ്രവർത്തനങ്ങൾ | എല്ലാ ആഴ്ചയും | എച്ച്.എം. & കൺവീനർ | |
| ദിനാചരണങ്ങൾ ദിനാചരണവുമായി ബന്ധപ്പെട്ട വ്യത്യസ്ത പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | എച്ച്.എം. & കൺവീനർ | എസ്.എം.സി അധ്യാപകർ |
| ഫീൽഡ് ട്രിപ്പ് പാഠഭാഗവുമായി ബന്ധപ്പെട്ട് | വർഷം മുഴുവൻ | എച്ച്.എം. അധ്യാപകർ | എസ്.എം.സി |
| ഉല്പന്ന പ്രദർശനമേള (കുട്ടികൾ നിർമ്മിച്ചവ) | വർഷത്തിൽ 3 പ്രാവശ്യം | അധ്യാപകർ | |
| സ്കൂൾ അസംബ്ലി ഒരു ദിവസം ഇംഗ്ലീഷ് | ദിവസവും | കുട്ടികൾ ക്ലാസ്സടിസ്ഥാനത്തിൽ | |
| പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ | വർഷം മുഴുവൻ | ക്ലാസധ്യാപകർ | എസ്.എം.സി |

| | | | |
|---|---|---|---|
| പ്രവർത്തനം<br>ക്വിസ് മത്സരം<br>(ദിനാചരണങ്ങൾ, പാഠ<br>ഭാഗവുമായി ബന്ധപ്പെട്ട്<br>ആനുകാലികം, പത്രം<br>ദിവസക്വിസ്) | കാലയളവ്<br>അധ്യാപകർ | പുതതാ<br>മാസത്തിൽ | ധനസ്രോതസ്സ്<br>സി.എ.സി |
| ലൈബ്രററി-<br>വായനയെ പ്രോത്സാ<br>ഹിപ്പിക്കൽ, പാഠഭാഗ<br>വുമായി ബന്ധപ്പെട്ടും | അധ്യാപകർ | വർഷം മുഴുവൻ | |
| അമ്മ വായന<br>(കുട്ടികൾ)<br>പി.റ്റി.എ കൂടുന്നു. | ലൈബ്രററി<br>ചാർജ്ജ്<br>അധ്യാപിക | വർഷം മുഴുവൻ | |
| ക്ലാസ്സ് പതിപ്പുകൾ<br>(കുട്ടികളുടെ മികവുകൾ<br>ഉൾപ്പെടുത്തി) | ക്ലാസധ്യാപകർ | വർഷം മുഴുവൻ | |
| കൈയ്യെഴുത്ത്<br>മാസിക(കുട്ടികളുടെ<br>ഉല്പന്നങ്ങൾ)<br>(ക്ലാസ്സ് തലം/ സ്ക്കൂൾ<br>തലം) | അധ്യാപകർ | മാസത്തിൽ | |
| ബാലസഭ<br>(കുട്ടികളുടെ സർഗ്ഗാത്മക<br>കഴിവുകളുടെ<br>പ്രദർശനം) | അധ്യാപകർ | മാസത്തില<br>2 തവണ | |
| രാഷ്ട്രഭാഷാപഠനം | അധ്യാപകർ | വർഷം മുഴുവൻ | |
| ക്വിസ് പതിപ്പ്<br>(ദിവസ ക്വിസ് - ഉത്തര<br>ങ്ങൾ ചേർത്ത് പതിപ്പാക്കൽ | അധ്യാപകർ | മാസത്തിൽ | |

## സാമൂഹ്യ പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ആഘോഷങ്ങൾ | വർഷം മുഴുവൻ | എച്ച്.എം.<br>എസ്.ആർ.ജി | [illegible].എം.സി |
| ഗൃഹസന്ദർശനം | ലഭ്യമായ സമയങ്ങളിൽ | എച്ച്.എം. &<br>അധ്യാപകർ | |
| കാരുണ്യ സ്പർശം (സമൂഹത്തിലെ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുള്ള ഒരു കൈത്താങ്ങ് വൃദ്ധരെ ആദരിക്കൽ) | വർഷം മുഴുവൻ | എച്ച്.എം.<br>അധ്യാപകർ | |
| ഗുരുപൂജ (മുതിർന്ന അധ്യാപകരെ ആദരിക്കൽ) | സെപ്റ്റംബർ | എച്ച്.എം.<br>അധ്യാപകർ | |
| മദ്യപാനം ലഹരി മരുന്ന് എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണം (തെരുവു നാടകം) | ലഭ്യമായ സമയങ്ങളിൽ | എസ്.എം.സി<br>എച്ച്.എം.<br>അധ്യാപകർ | എസ്.എം.സി |
| റോഡുസുരക്ഷ (കുട്ടികളെ പങ്കാളികളാക്കികൊണ്ട്) | ലഭ്യമായ സമയങ്ങളിൽ | എസ്.എം.സി<br>എച്ച്.എം.<br>അധ്യാപകർ | എസ്.എം.സി |
| സ്ക്കൂൾ വാർഷികം | മാർച്ച് | എസ്.എം.സി<br>എച്ച്.എം.<br>അധ്യാപകർ | എസ്.എം.സി |
| ഫീൽഡ് ട്രിപ്പ് അഭിമുഖം | പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് | അധ്യാപകർ<br>എസ്.എം.സി | എസ്.എം.സി |

| പ്രവർത്തനം | കാലയളവ് | ചുമതല | ധനസ്രോതസ്സ് |
|---|---|---|---|
| പഠനോപകരണ നിർമ്മാണം (സി.എ.സി സഹായത്തോടെ) | എച്ച്.എം. അധ്യാപകർ സി.എം.സി | വർഷം മുഴുവൻ | എസ്.എം.സി |
| കമ്പ്യൂട്ടർ പരിജ്ഞാനം | പരിശീലനം നേടിയ പ്രത്യേക അധ്യാപകർ | വർഷം മുഴുവൻ | |
| ഭവന സന്ദർശനം (കുട്ടികളുടെ ജീവിത സാഹചര്യം മനസ്സിലാക്കി രക്ഷിതാക്കളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന്) | എച്ച്.എം. & അധ്യാപകർ | വർഷത്തിൽ 3 തവണ | |
| അഭിമുഖങ്ങൾ (പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്) | എച്ച്.എം. എസ്.എം.സി | വർഷം മുഴുവൻ | |
| വാർഷികപതിപ്പ് (കുട്ടികളുടെ ഉല്പന്നങ്ങൾ) | അധ്യാപകർ | മാർച്ച് | |
| സ്കോളർഷിപ്പ് പരിശീലനം (MECT,LSS) | നാലാം ക്ലാസ്സ് അധ്യാപകർ | വർഷം മുഴുവൻ | |
| സ്ക്കൂൾ വാർഷികം | എച്ച്.എം. & എസ്.എം.സി | മാർച്ച് | എസ്.എം.സി |
| കളിക്കൂട്ടം (കല, കായിക പ്രവർത്തി പരിചയ പഠനക്കളരി) | എച്ച്.എം. എസ്.എം.സി. അധ്യാപകർ | മെയ് | എസ്.എം.സി |

# പ്രതിമാസ കലണ്ടർ

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| ജൂൺ 2 | [illegible]<br>[illegible]<br>പഠനോപകരണ വിതരണം,<br>S R G,<br>SMC ,<br>ദിനാചരണങ്ങളുടെ ആസൂത്രണം | H.M<br>ക്ലാസ് അധ്യാപകർ<br>S M C |
| ജൂൺ 3 | പൊതുവിദ്യാലയങ്ങൾ പരിചയപ്പെടൽ,<br>[illegible] | H.M<br>ക്ലാസ് അധ്യാപകർ |
| ജൂൺ 4 | സ്കൂൾ നിയമ ബോധവൽക്കരണം<br>വിദ്യാലയ ചുറ്റുപാട്<br>ICT – Traffic game | H.M<br>ക്ലാസ് അധ്യാപകർ |
| ജൂൺ 5 | പരിസ്ഥിതി ദിനാചരണം,<br>[illegible] ക്വിസ്,<br>പരിസര ക്വിസ്,<br>Nutrition garden പച്ചക്കറി തൈ നടൽ | H.M<br>ക്ലാസ് അധ്യാപകർ |
| ജൂൺ 9 | പൊതു ആരോഗ്യം,<br>ക്വിസ്, പോഷക ആഹാരം,<br>[illegible]<br>CPTA | H.M<br>ക്ലാസ് അധ്യാപകർ |
| ജൂൺ 10 | Digital അച്ചടക്കം | H.M<br>ക്ലാസ് അധ്യാപകർ |
| ജൂൺ 11 | പൊതുമുതൽ സംരക്ഷണം | H.M<br>ക്ലാസ് അധ്യാപകർ |
| ജൂൺ 12 | ബാല്യ സംരക്ഷണം- കഥകൾ, role play | H.M<br>ക്ലാസ് അധ്യാപകർ |
| ജൂൺ 13 | [illegible]<br>S R G | H.M<br>ക്ലാസ് അധ്യാപകർ |
| ജൂൺ 19 മുതൽ 25 വരെ | P. N . പണിക്കർ അനുസ്മരണം,<br>Special assembly,<br>ക്വിസ് മത്സരം,<br>ഗ്രന്ഥശാല സന്ദർശനം | S M C<br>H.M<br>ക്ലാസ് അധ്യാപകർ |

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| | വായനാമത്സരം, ലൈബ്രറി പുസ്തക പ്രദർശനവും, വിപുലീകരണം, കുട്ടികൾക്ക് സാഹിത്യമത്സരങ്ങൾ, സാഹിത്യകാരന്മാരോടൊപ്പം പോസ്റ്റർ നിർമ്മാണം | എസ്.എം.സി |
| 26 | ലോകമയക്കുവിരുദ്ധദിനം<br>ലഹരി വിരുദ്ധ സന്ദേശ റാലി<br>പ്രസംഗം<br>പോസ്റ്റർ നിർമ്മാണം | എസ്.എം.സി |
| 30 | സി.പി.റ്റി.എ.ജൂലൈ പ്രവർത്തന കലണ്ടർ പരിചയപ്പെടുത്തൽ | |
| | ജൂലൈ | |
| 1 | ഡോക്ടേഴ്സ് ദിനം<br>ഡോക്ടറെ ആദരിക്കൽ | എസ്.എം.സി<br>അധ്യാപകർ |
| 5 | ബഷീർ അനുസ്മരണം<br>ബഷീർ പുസ്തകങ്ങളെ പരിചയപ്പെടുത്തൽ<br>പതിപ്പ് നിർമ്മാണം | അധ്യാപകർ |
| 11 | ലോകജനസംഖ്യാദിനം<br>പ്രസംഗം, പോസ്റ്റർ നിർമ്മാണം | |
| 21 | ചാന്ദ്രദിനം<br>ക്വിസ്, പ്രസംഗം<br>പതിപ്പ് നിർമ്മാണം<br>സി.ഡി. പ്രദർശനം | എസ്.എം.സി<br>എച്ച്.എം<br>അധ്യാപകർ |
| 28 | പ്രകൃതി സംരക്ഷണദിനം<br>പ്രസംഗം | |
| 31 | ജലം, വായു, മലിനീകരണ നിയന്ത്രണം<br>സി.പി.റ്റി.എ ക്ലാസ്സ് മികവ് പരിചയപ്പെടുത്തൽ/ആഗസ്റ്റ് മാസത്തെ കലണ്ടർ പരിചയപ്പെടുത്തൽ | അധ്യാപകർ |

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| ആഗസ്റ്റ് | | |
| 5 | അന്താർദേശിയ സുഹൃത്ദിനം<br>സുഹൃത്തിനൊരു കത്ത് | അധ്യാപകർ |
| 6,9 | ഹിരോഷിമ/നാഗസാക്കി ദിനം<br>യുദ്ധവിരുദ്ധ റാലി | |
| 7 | എസ്.എം.സി - എസ്.ആർ.ജി<br>സ്വാതന്ത്ര്യദിനാഘോഷം ആസൂത്രണം | അധ്യാപകർ |
| 9 | ക്വിറ്റ് ഇന്ത്യാദിനം<br>സ്വാതന്ത്ര്യസമരനേതാക്കളെ<br>പരിചയപ്പെടുത്തൽ,<br>സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട<br>ചിത്രങ്ങൾ ശേഖരിച്ച് പതിപ്പ് നിർമ്മാണം | എസ്.എം.സി |
| 15 | സ്വാതന്ത്ര്യദിനം<br>ക്വിസ് , പ്രസംഗം, പതാകനിർമ്മാണം<br>ദേശഭക്തിഗാനമത്സരം, പതിപ്പുനിർമ്മാണം<br>സ്വാതന്ത്ര്യദിന റാലി | |
| 17 | ചിങ്ങം 1 കർഷകദിനം<br>കർഷകനെ ആദരിക്കൽ, കർഷകനുമായി<br>സംവദിക്കൽ, കൃഷിത്തോട്ടസന്ദർശനം | സി.എം.സി |
| 27. | മദർ തെരേസദിനം - വ്യക്തിപരിചയം<br>പതിപ്പുനിർമ്മാണം | അധ്യാപകർ |
| 29 | ദേശീയ കായികദിനം<br>ധ്യാൻചന്ദിനെ പരിചയപ്പെടുത്തൽ<br>കായിക ക്വിസ് | അധ്യാപകർ |
| 29.08.2015 | സി.പി.റ്റി.എ ക്ലാസ്സിലെ ഉൽപ്പന്നങ്ങൾ<br>സെപ്തംമ്പർ മാസത്തെ പ്രവർത്തനങ്ങൾ<br>പരിചയപ്പെടുത്തൽ | അധ്യാപകർ |

| തിയതി<br>സെപ്റ്റംബർ | പ്രവർത്തനം | ചുമതല |
|---|---|---|
| 2 | എസ്.ആർ.ജി. അവലോകനം,<br>ആസൂത്രണം | |
| 5 | അധ്യാപകദിനം<br>ഡോ. രാധാകൃഷ്ണനെ പരിചയപ്പെടുത്തൽ<br>മുതിർന്ന അധ്യാപകരെ ആദരിക്കൽ<br>ആശംസാകാർഡ് നിർമ്മിച്ച്<br>അധ്യാപകർക്ക്<br>അയച്ചുകൊടുക്കൽ | രക്ഷകർത്താവ്<br>അധ്യാപകർ |
| 16. | ഓസോൺ ദിനം<br>- ബോധവത്ക്കരണം | |
| 30 | സി.പി.റ്റി.എ ക്ലാസ്സ് ഉല്പന്നങ്ങൾ<br>പ്രദർശനം/ഒക്ടോബർ കലണ്ടർ<br>പരിചയപ്പെടുത്തൽ | |
| 1. | വൃദ്ധദിനം/രക്തദാന ദിനം<br>വൃദ്ധ മുത്തശ്ശി/മുത്തശ്ശൻ ആദരം<br>രക്തദാന/ഗ്രൂപ്പ് നിർണ്ണ ക്യാമ്പ് | എസ്.എം.സി<br>അധ്യാപകർ |
| 2. | ഗാന്ധി ജയന്തി<br>ഗാന്ധിക്വിസ്, പ്രസംഗമത്സരം<br>സ്ക്കൂൾ പരിസരം വൃത്തിയാക്കൽ | എസ്.എം.സി |
| 4-10 | ബഹിരാകാശവാരം<br>മോഡൽ നിർമ്മാണം, ചിത്രപ്രദർശന മേള<br>ക്വിസ്, പ്രസംഗ മത്സരങ്ങൾ | അധ്യാപകർ |
| 6 | എസ്.ആർ.ജി. ആസൂത്രണം, അവലോകനം | |
| 9.10 | ലോക - ദേശീയ പോസ്റ്റർ ദിനം<br>ക്വിസ്,സ്റ്റാമ്പ് ശേഖരണം,<br>തപാലാഫീസ് സന്ദർശനം | അധ്യാപകർ |
| 16 | ഭക്ഷ്യദിനം - ഭക്ഷ്യമേള | എസ്.എം.സി |
| 27 | വയലാർ രാമവർമ്മ സ്മരണദിനം<br>സ്മൃതിമണ്ഡപ സന്ദർശനം<br>വയലാർ ഗാനം / കവിതകൾ<br>പരിചയപ്പെടുത്തൽ | |
| 30. | സി.പി.റ്റി.എ ഉല്പന്ന പ്രദർശനം<br>അടുത്ത കലണ്ടർ പരിചയം | എച്ച്.എം.<br>അധ്യാപകർ |

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| നവംബർ | | |
| 1 | കേരളപ്പിറവി<br>ക്വിസ്, പ്രസംഗം, പതിപ്പുനിർമ്മാണം<br>ദീപം തെളിയിക്കൽ | എച്ച്.എം.<br>എസ്.എം.സി<br>അധ്യാപകർ |
| 2 | എസ്.ആർ.ജി.ആസൂത്രണവും<br>അവലോകനവും | |
| 10 | അന്താരാഷ്ട്ര ശാസ്ത്രദിനം<br>ശാസ്ത്രപുസ്തകങ്ങൾ വായിപ്പിക്കൽ<br>ഇന്ത്യൻ ശാസ്ത്രജ്ഞന്മാരെ<br>പരിചയപ്പെടുത്തൽ | |
| 11 | ദേശീയ വിദ്യാഭ്യാസ ദിനം<br>മൗലാനാ അബ്ദുൾകലാമിനെ<br>പരിചയപ്പെടുത്തൽ | |
| 12. | പക്ഷി നിരീക്ഷണദിനം<br>സലിം. അലി വ്യക്തിപരിചയം<br>പക്ഷിനിരീക്ഷണം ഫീൽഡ് ട്രിപ്പ് | അധ്യാപകർ |
| 14 | ശിശുദിനം<br>ശിശുദിന റാലി<br>ക്വിസ്; പ്രസംഗം, ചിത്ര രചന<br>കുട്ടികളുടെ കലാപരിപാടികൾ | എച്ച്.എം.<br>എസ്.എം.സി<br>അധ്യാപകർ |
| 30 | സി.പി.റ്റി.എ ഉല്പന്ന പ്രദർശനം<br>ഡിസംബർ മാസ കലണ്ടർ<br>പരിചയപ്പെടുത്തൽ | |
| ഡിസംബർ | | |
| 1 | ലോക എയ്ഡ്സ് ദിനം<br>എയ്ഡ്സ് സിംബൽ കുത്തികൊണ്ടുള്ള<br>അസംബ്ലി | അധ്യാപകർ |
| 2 | എസ്.ആർ.ജി. അവലോകനം/ആസൂത്രണം | |
| 3 | ഭോപ്പാൽ വാതക ദുരന്തം/ലോക<br>വികലാംഗദിനം<br>ഭോപ്പാൽ സ്മരണാഞ്ജലി<br>ഹേലൻകെല്ലർ പരിചയം | അധ്യാപകർ |
| 4 | നാവികസേനാദിനം<br>സേനാവിഭാഗങ്ങളെ പരിചയപ്പെടുത്തൽ<br>ചിത്രശേഖരണം | |

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| നവംമ്പർ<br>10 | മനുഷ്യാവകാശ ദിനം<br>കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച്<br>സമൂഹത്തോടും രാഷ്ട്രത്തോടുമുള്ള<br>കടമകൾ ബോധ്യപ്പെടുത്തൽ | |
| 14 | ദേശീയ ഊർജ്ജ സംരക്ഷണ ദിനം<br>ചിത്രരചന<br>ഊർജ്ജസംരക്ഷണത്തെക്കുറിച്ച്<br>മിതവ്യയശീലം പരിചയപ്പെടുത്തൽ | |
| 28 | ശ്രീനിവാസരാമാനുജൻ ജന്മദിനം<br>ഗണിതകയ്യെഴുത്തു മാസിക നിർമ്മാണം<br>ഗണിതശാസ്ത്രജ്ഞന്മാരെ<br>പരിചയപ്പെടുത്തൽ | |
| ജനുവരി 2026<br>1 | നവവത്സരദിനം<br>വിവിധ കലണ്ടർ പരിചയപ്പെടുത്തൽ | |
| 26 | റിപ്പബ്ലിക്ക് ദിനം<br>ദേശീയ ഒദ്യോഗികചിഹ്നങ്ങളുടെ്<br>ചിത്രങ്ങൾ ശേഖരിച്ച്<br>പതിപ്പുനിർമ്മാണം | |
| 30 | രക്തസാക്ഷിദിനം<br>മൗനപ്രാർത്ഥന | |
| ഫെബ്രുവരി | | |
| 21 | അന്താരാഷ്ട്ര മാതൃഭാഷാദിനം<br>മലയാള ശ്രേഷ്ഠഭാഷ<br>പ്രസംഗം, ക്വിസ്<br>തുഞ്ചത്തെഴുത്തച്ഛൻ - പരിചയം | എച്ച്.എം.<br>അധ്യാപകർ<br>സി.എം.സി |
| 22 | ലോകസ്കൗട്ട് ദിനം<br>ബേഡൻ പവ്വൽ സ്മരണാഞ്ജലി<br>ബുൾബുൾ ബണ്ണീസ്<br>കലാപരിപാടികൾ | bulbul/Fl.<br>Bunnies |